**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6817** **21-03-2023 - ൽ മറുപടിയ്ക്ക്**

**ഗുരുതര രോഗങ്ങൾ ബാധിച്ചവർക്ക് റവന്യൂ വകുപ്പ് മുഖേന പെൻഷൻ നൽകുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ഗുരുതര രോഗങ്ങൾ ബാധിച്ചവർക്ക് റവന്യൂ വകുപ്പ് മുഖേന പെൻഷൻ നൽകുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ അർഹതാ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അപേക്ഷിക്കേണ്ടത് എന്തൊക്കെ രേഖകൾ സഹിതമാണെന്നും വിശദമാക്കാമോ; | (എ) | ക്യാൻസർ, ക്ഷയം, കുഷ്ഠം എന്നീ രോഗങ്ങൾ ബാധിച്ചവർക്ക് റവന്യൂ വകുപ്പ് മുഖേന പ്രതിമാസം 1000/-രൂപ സാമ്പത്തിക സഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. ആയതിന്റെ അർഹതാ മാനദണ്ഡവും ഏതൊക്കെ രേഖകൾ സഹിതമാണ് അപേക്ഷിക്കേണ്ടത് എന്നുമുള്ള വിവരം ചുവടെ ചേർക്കുന്നു.<br><br>**I. ക്യാൻസർ രോഗികൾക്കുള്ള ധനസഹായം**<br><br>**ധനസഹായത്തിന് അർഹതയുള്ളവർ**<br><br>1. തുടർച്ചയായി 2 വർഷത്തിൽ കുറയാതെ കേരളത്തിൽ സ്ഥിര താമസക്കാരായിരിക്കണം<br>2. വാർഷിക വരുമാന പരിധി 1,00,000/-രൂപ<br><br>**അപേക്ഷിക്കേണ്ട രീതി**<br><br>നിശ്ചിത മാതൃകയിലുള്ള അപേക്ഷ ചുവടെ ചേർക്കുന്ന രേഖകൾ സഹിതം വില്ലേജ്/താലൂക്ക്/കളക്ടറേറ്റ് എന്നിവിടങ്ങളിൽ സമർപ്പിക്കാവുന്നതാണ്.<br><br>1. അപേക്ഷയിലെ രോഗികൾക്ക് ക്യാൻസറാണെന്നുള്ള ഡോക്ടറുടെ സാക്ഷ്യപത്രം<br>2. വരുമാന സർട്ടിഫിക്കറ്റ്<br>3. അപേക്ഷകന്റെ സത്യപ്രസ്താവന<br><br>**II. ക്ഷയ രോഗികൾക്കുള്ള ധനസഹായം**<br><br>**ധനസഹായത്തിന് അർഹതയുള്ളവർ**<br><br>1. ഒരു വർഷത്തിലധികമായി കേരളത്തിൽ സ്ഥിരതാമസക്കാരായിരിക്കണം. |

| | | | |
|---|---|---|---|
| | | | 2. ടി.ബി ക്ലിനിക്കിലോ, ആശുപത്രിയിലോ, സാനിറ്റോറിയത്തിലോ പ്രവേശിപ്പിച്ചിട്ടില്ലാത്ത രോഗികൾക്കാണ് ധനസഹായത്തിന് അർഹത.<br>3. വാർഷിക വരുമാന പരിധി 1,00,000/- രൂപ<br><br>**അപേക്ഷിക്കേണ്ട രീതി**<br><br>നിശ്ചിത മാതൃകയിലുള്ള അപേക്ഷ ചുവടെ ചേർക്കുന്ന രേഖകൾ സഹിതം വില്ലേജ്/താലൂക്ക്/കളക്ടറേറ്റ് എന്നിവിടങ്ങളിൽ സമർപ്പിക്കാവുന്നതാണ്.<br><br>1. അപേക്ഷയിലെ രോഗിക്ക് ക്ഷയരോഗമാണെന്നും അയാൾക്ക് 6 മാസത്തേക്കെങ്കിലും ചികിത്സ ആവശ്യമാണെന്നുമുള്ള അസിസ്റ്റന്റ് സർജനിൽ കുറയാത്ത ഒരു മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം<br>2. വരുമാന സർട്ടിഫിക്കറ്റ്<br>3. അപേക്ഷകന്റെ സത്യപ്രസ്താവന<br><br>**III.കുഷ്ഠ രോഗികൾക്കുള്ള ധനസഹായം**<br><br>**ധനസഹായത്തിന് അർഹതയുള്ളവർ**<br><br>1. രണ്ടു വർഷത്തിലധികമായി കേരളത്തിൽ സ്ഥിരതാമസക്കാരായിരിക്കണം.<br>2. വാർഷിക വരുമാന പരിധി 1,00,000/- രൂപ<br><br>**അപേക്ഷിക്കേണ്ട രീതി**<br><br>നിശ്ചിത മാതൃകയിലുള്ള അപേക്ഷ ചുവടെ ചേർക്കുന്ന രേഖകൾ സഹിതം വില്ലേജ്/താലൂക്ക്/കളക്ടറേറ്റ് എന്നിവിടങ്ങളിൽ സമർപ്പിക്കാവുന്നതാണ്.<br><br>1. അപേക്ഷയിലെ രോഗിക്ക് കുഷ്ഠരോഗമാണെന്നും അയാൾക്ക് തുടർ ചികിത്സ ആവശ്യമാണെന്നുമുള്ള അസിസ്റ്റന്റ് സർജനിൽ കുറയാത്ത ഒരു മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം<br>2. വരുമാന സർട്ടിഫിക്കറ്റ്<br>3. അപേക്ഷകന്റെ സത്യപ്രസ്താവന |
| (ബി) | കാൻസർ രോഗികൾക്കുള്ള പെൻഷൻ ലഭിച്ചുവരുന്നവർക്ക് ആയത് ഓൺലൈൻ വഴി പുതുക്കാൻ സാധിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | ക്യാൻസർ രോഗികൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള സോഫ്റ്റ്‌വെയറിൽ ചില സാങ്കേതിക പ്രശ്നങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പൂർണ്ണമായും പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ